ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) പൈപ്പുകളുടെ കാലപ്പഴക്കംകൊണ്ടും, പൈപ്പുകളുടെ ജോയിന്റുകളിലുള്ള റബ്ബർ റിംഗുകളുടെ തേയ്മാനംകൊണ്ടും ലൈനുകളിൽ ചോർച്ച ഉണ്ടാകാറുണ്ട്. കൂടാതെ വൈദ്യുതി തടസ്സം മൂലം പൈപ്പ്ലൈനുകളിൽ ഇടയ്ക്കിടെ പമ്പിംഗ് തടസ്സപ്പെടുന്നതു മൂലമുണ്ടാകുന്ന വായുസമ്മർദ്ദത്തിലെ വ്യതിയാനം കൊണ്ടും പൈപ്പ് പൊട്ടുന്നു. ഇതിനുപുറമെ നഗരവികസനത്തിന്റെ ഭാഗമായി റോഡുകൾ വീതികൂട്ടുന്ന അവസരത്തിൽ റോഡിന്റെ വശങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന പൈപ്പുകൾ റോഡിന്റെ മദ്ധ്യത്തിൽ ആകുന്നു. ഈ പൈപ്പുകളിൽ ഭാരം കയറ്റിയ വാഹനങ്ങളുടെ മർദ്ദം മൂലവും ചോർച്ച ഉണ്ടാകുന്നുണ്ട്.

(ബി) ഉണ്ട്.

(സി) കാലപ്പഴക്കംചെന്ന പൈപ്പുകളിൽ ചോർച്ച ആവർത്തിക്കുന്നത് ഒഴിവാക്കാൻ ഈ പൈപ്പുകൾ ഘട്ടംഘട്ടമായി മാറ്റാനുള്ള നടപടി സ്വീകരിച്ചു വരുന്നു. ജലമർദ്ദത്തിന്റെ അളവ് കണക്കാക്കി ഉയർന്ന ക്ലാസ് പൈപ്പും ജോയിന്റ് മെറ്റീരിയൽസും വാട്ടർ ഹാമർ കൺട്രോൾ ഉപകരണങ്ങളും ഘടിപ്പിക്കാറുണ്ട്.

(ഡി) പരാതികൾ ഉടനെ പരിഹരിക്കുന്നതിനായി 'ഹെൽപ്പ് ലൈൻ' സംവിധാനം എല്ലാ ജില്ലകളിലും തുടങ്ങുവാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ജപ്പാൻ സഹായത്തോടെ നടപ്പാക്കുന്ന ശുദ്ധജലവിതരണ പദ്ധതിയുടെ ഭാഗമായി ആധുനിക പരിഹാര സംവിധാനങ്ങൾ ജല അതോറിറ്റിയുടെ പ്രധാന ശുദ്ധജല വിതരണ പദ്ധതികളിൽ നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആദ്യം പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം ശുദ്ധജലവിതരണ പദ്ധതി പ്രദേശത്ത് കമ്പ്യൂട്ടർവൽകൃത പരാതി പരിഹാര സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഉണ്ട്.

(എഫ്) ഉണ്ട്.

(ജി) ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

ഡാമുകളുടെ അറ്റകുറ്റപ്പണികൾക്ക് സംവിധാനം

*6 [36] ശ്രീ. പി. കെ. അബ്ദുറബ്ബ്:
" സി. മമ്മൂട്ടി:
" കെ. എൻ. എ. ഖാദർ:
" സി. മോയിൻകുട്ടി:
" നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചനത്തിനുവേണ്ടി നിർമ്മിച്ചിട്ടുള്ള ഡാമുകളുടെ അറ്റകുറ്റപണികൾക്ക് സംവിധാനമേർപ്പെടുത്തിയിട്ടുണ്ടോ;

(ബി) കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ ചോർച്ച അനുഭവപ്പെടുന്ന ഡാമുകൾ ഉണ്ടോ; എങ്കിൽ ഏതെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly

(സി) അവയുടെ അറ്റകുറ്റപ്പണികൾ തീർത്ത് ഡാമുകളുടെ ബലക്ഷയം തടയുന്നതിന് നടപടി സ്വീകരിക്കുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ഉണ്ട്.

(ബി) കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താറുണ്ടെങ്കിലും കുറ്റ്യാടി, ശിരുവാണി, കാഞ്ഞിരപ്പുഴ, ചിമ്മിണി, മലങ്കര ഡാമുകളിൽ ഇപ്പോൾ ചോർച്ച കാണുന്നുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

ഓൺ ലൈൻ ലോട്ടറിയിൽനിന്നുള്ള നികുതി വരുമാനം

*7 [37] ശ്രീ. കെ. രാധാകൃഷ്ണൻ:
" കെ. പി. സതീശ് ചന്ദ്രൻ:
" എം. വി. ജയരാജൻ:
" പി. സി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ ലോട്ടറിയിൽനിന്ന് ഈടാക്കാവുന്ന നികുതിയെ സംബന്ധിച്ച് നികുതി വകുപ്പ് നടത്തുന്ന അന്വേഷണം പൂർത്തിയായോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ കേസുമായി ബന്ധപ്പെട്ട മറ്റ് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(സി) പ്രസ്തുത അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഓൺലൈൻ ലോട്ടറിക്കാരിൽനിന്നും ലഭിക്കേണ്ട നികുതി എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഓൺലൈൻ ലോട്ടറി നിരോധിച്ചതിനെ തുടർന്ന് ഓൺലൈൻ ലോട്ടറിക്കാരിൽനിന്നും ലഭിക്കേണ്ട നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) സംസ്ഥാനത്ത് ഏതെല്ലാം തരത്തിലുള്ള ലോട്ടറികളാണ് നിരോധിച്ചിട്ടുള്ളത്;

(എഫ്) അന്യസംസ്ഥാന പേപ്പർ ലോട്ടറികൾക്ക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ):

(എ) ഇല്ല.

(ബി) ഓൺലൈൻ ലോട്ടറി റീട്ടെയിൽ ഔട്ട്ലറ്റുകൾ പ്രത്യേക എൻറിറ്റിയായി കണക്കാക്കി സെയിൽസ് ടാക്സ് രജിസ്ട്രേഷനും അസസ്മെന്റും നടത്താൻ കഴിയുമെന്ന് കൊമേഴ്സ്യൽ ഇൻവെസ്റ്റിഗേഷൻ വിഭാഗം കണ്ടെത്തിയതിന്റെ വെളിച്ചത്തിൽ

LIBRARY ARCHIVES Kerala Legislative Assembly